# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3018 13.03.2018-ൽ മറുപടിയ്ക്ക്.

## സ്വകാര്യ റിസോർട്ടിന്റെ നിയമ ലംഘനം

| ചോദ്യം<br><br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | വിതുര ഗ്രാമപഞ്ചായത്തിൽ കല്ലാറിനു സമീപം പ്രവർത്തിക്കുന്ന റിവർ കൗണ്ടി എന്ന സ്വകാര്യ റിസോർട്ടിന് നദിക്ക് കുറുകെ പാലം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്; വിതുര ഗ്രാമപഞ്ചായത്തിലെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും റിവർ കൗണ്ടി എന്ന സ്ഥാപനം ശ്രീ.അരുൺ നായർ,വട്ടക്കയത്തിൽ വീട്,കല്ലാർ,തിരുവനന്തപുരം എന്നയാളുടേതാണ്.ടിയാൾക്കും അദ്ദേഹത്തിന്റെ അസുഖമുള്ള മാതാപിതാക്കൾക്കും തങ്ങളുടെ സ്വകാര്യവസ്തുവിലേക്ക് പോകുന്നതിന് ആനാട്-പൊൻമുടി റോഡിൻറെ 27-ാം മൈലിനോട് അടുത്ത് വരുന്ന സ്ഥലത്ത് വാമനപുരം നദിക്ക് കുറുകെ നിർദ്ദിഷ്ട നടപ്പാലം നിർമ്മിക്കാൻ വിതുര ഗ്രാമപഞ്ചായത്തിന്റെ 7/8/2009-ലെ 6(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം അനുമതി നല്കിയിട്ടുണ്ട്. |
| (ബി) | ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അനുമതി | (ബി) | ഏതൊരു നിർമ്മാണ പ്രവർത്തനത്തിനും അതാത് |

| | | | |
|---|---|---|---|
| | നൽകിയതെന്നും റിസോർട്ട് ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളുമായി എന്തെങ്കിലും ഉടമ്പടി വച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | | പഞ്ചായത്തിന്റെ നിരാക്ഷേപം വേണമെന്നതിലാണ് അപേക്ഷകൻ പഞ്ചായത്തിനെ സമീപിച്ചതും അതു പ്രകാരം പഞ്ചായത്ത് ഭരണ സമിതി,പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ വകുപ്പ്, എന്നിവിടങ്ങളിൽ നിന്നുള്ള അനുമതി പത്രങ്ങൾ, കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്പനി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട പാലത്തിന്റെ പ്ലാൻ , ഇറിഗേഷൻ വകുപ്പ് അപേക്ഷകനുമായി 18/5/2009-ലെ എഗ്രിമെന്റ് തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ അനുമതി നല്കിയിട്ടുള്ളതും. |
| സി) | പൊതുസ്ഥലം സ്വകാര്യമാക്കാൻ നടത്തുന്ന പാലം ഗേറ്റ് സ്ഥാപിച്ച് പൂട്ടിയിട്ട് പൊതുജനങ്ങളുടെ പ്രവേശനം തടഞ്ഞുകൊണ്ട് പൊതുസ്ഥലം സ്വകാര്യമാക്കി നടത്തുന്ന നിയമലംഘനം അവസാനിപ്പിക്കാൻ നടപടി എടുക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഇത് സംബന്ധിച്ച് പരാതികൾ ലഭിച്ചാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ